MONDAY 23/12/2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/12/2024

1. മിൽമ മലപ്പുറം ഡെയറി, പാൽപ്പൊടി നിർമാണഫാക്ടറി ഉദ്ഘാടനം 24ന് മുഖ്യമന്ത്രി നിർവഹിക്കും. 10 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള പാൽപ്പൊടി നിർമാണ ഫാക്ടറിയിൽ പ്രതിദിനം ഒരുലക്ഷം ലിറ്റർ പാൽ പൊടി ഉൽപ്പാദിപ്പിക്കും. 131.3 കോടി രൂപ ചെലവിട്ട് നിർമാണം പൂർത്തിയാക്കിയ മിൽമ മലപ്പുറം ഡെയറിയുടെയും പാൽപ്പൊടി നിർമാണ ഫാക്ടറിയുടെയും ഉദ്ഘാടനം ഡിസംബർ 24ന് വൈകീട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മൂർക്കനാട്ടെ മിൽമ ഡെയറി കാമ്പസിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷത വഹിക്കും. മിൽമ ഡെയറി വൈറ്റ്നർ വിപണനോദ്ഘാടനം മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിക്കും.

2. നഗരവാസികൾക്കും വിനോദ സഞ്ചാരികൾക്കും വേണ്ടി കേരള വിനോദ സഞ്ചാര വകുപ്പ് തലസ്ഥാന നഗരിയിൽ വർഷാരംഭത്തോടനുബന്ധിച്ച് കനകക്കുന്ന് കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലും സംഘടിപ്പിക്കുന്ന പുഷ്പമേളയാണ് വസന്തോത്സവം. പുഷ്പാലങ്കാരങ്ങൾ, ഭക്ഷ്യമേള, നാടൻ-ഗോത്രവർഗ്ഗ കലാരൂപങ്ങളുടെ അവതരണം, കാർഷിക വസ്തുക്കൾ, വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ, ഔഷധ പുഷ്പഫല സസ്യങ്ങൾ എന്നിവയുടെ പ്രദർശനം, വില്പന, എന്നിവയാണ് വസന്തോത്സവത്തിൻറെ പ്രധാന ആകർഷണം. ഈ വർഷത്തെ വസന്തോത്സവം വിനോദസഞ്ചാര വകുപ്പിൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിലുമായി ചേർന്ന് 2024 ഡിസംബർ 24 മുതൽ ജനുവരി 3 വരെ കനകക്കുന്ന് കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലുമായി സംഘടിപ്പിക്കുന്നു.

3. കേരളകാർഷികസർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണനകേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹൈബ്രിഡ് തെങ്ങിൻ തൈകളും മാവ്, പ്ലാവ്, പേര, സപ്പോട്ട, ചാമ്പ, ബറാബ, വെസ്റ്റ് ഇന്ത്യൻ ചെറി, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക്, സർവ്വസുഗന്ധി, ഗ്രാമ്പു, പട്ട, നാരകം എന്നിവയുടെ ഒട്ടു തൈകളും ലയർ തൈകളും ബഡ് ചെയ്ത തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0495 2935850, 9188223584

4. നാളികേരകൃഷി പദ്ധതികളുമായി നാളികേര വികസന ബോർഡ്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കാനായി വിത്തുൽപാദനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് കർഷകർ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, സർക്കാർ-സർക്കാരിതര സംഘടനകൾ എന്നിവയ്ക്കു ധനസഹായം. ചുരുങ്ങിയത് 4 ഹെക്ടർ സ്ഥലത്ത് 3 വർഷത്തേക്ക് പരമാവധി 6 ലക്ഷം രൂപയാണ് സബ്സിഡി ലഭിക്കുക. ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപ സബ്സിഡി ലഭിക്കും. പ്രതിവർഷം 25,000 തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള നഴ്സറികൾക്കു 50,000 രൂപ വരെയും സബ്സിഡിയുണ്ട്. പുതുക്കൃഷിക്കും സാമ്പത്തിക സഹായം നൽകുന്നു. തെങ്ങിനത്തെയും സ്ഥലത്തെയും അടിസ്ഥാനമാക്കി ഹെക്ടറിന് 6,500 രൂപ മുതൽ 15,000 രൂപവരെ 2 തുല്യ വാർഷിക ഗഡുക്കളായാണ് സബ്സിഡി. സ്വന്തമായി 0.1 ഹെക്ടറിൽ (25 സെന്റ്) കുറയാതെയും 4 ഹെക്ടർ (10 ഏക്കർ) വരെയും ഭൂമി കൈവശമുള്ളവർക്ക് സബ്സിഡിക്ക് അർഹതയുണ്ട്. എല്ലാ പദ്ധതികളുടെയും അപേക്ഷാഫോം ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകളോടൊപ്പം കൃഷി ഓഫിസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്നതിനു വിധേയമായി സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലെത്തും. ഒന്നാം വർഷ സബ്സിഡി ലഭിച്ച ശേഷം രണ്ടാം വർഷ അപേക്ഷ സമർപ്പിക്കാം. വിവരങ്ങൾക്ക് www.coconutboard.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

5. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2024 ഡിസംബർ 30-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം**

6. കാബേജ്, കോളിഫ്ളവർ തൈകൾക്ക് രണ്ടാംവളം ചെയ്യേണ്ട സമയമായി. ഒരു സെന്റിന് ഒന്നേകാൽ കിലോഗ്രാം യൂറിയ, രണ്ട് കിലോഗ്രാം മസ്സൂറിഫോസ്, എണ്ണൂറ് ഗ്രാം പൊട്ടാഷ് എന്ന തോതിൽ കലർത്തി ചെടിയൊന്നിന് 15- 20 ഗ്രാം വീതം നൽകണം. വളമിട്ടുകഴിഞ്ഞാൽ നന ഉറപ്പാക്കണം. ഇലതീനി പുഴുക്കളെയും നിമാവിരകളെയും നിയന്ത്രിക്കുന്നതിനായി വേപ്പിൻ സത്ത് തുടങ്ങിയ കീടനാശിനികൾ തളിച്ചു കൊടുക്കണം. കൂടാതെ ബ്യൂവേറിയ ബാസ്സിയാന എന്ന കുമിൾ കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നതുവഴി ഇലതീനി പുഴുക്കളെ നശിപ്പിക്കാം.

7. കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോം ആമസോൺ വഴിയും ലഭ്യമാണ്. കൂൺ വിത്തുകൾ വില്പനയ്ക്കായി കമ്മ്യൂണിക്കേഷൻ സെന്ററിൽ തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 - -2370773